കേരളകൗമുദി
SINCE 1911
Ernakulam 28 Nov 2025

# അമൃത വിശ്വവിദ്യാപീഠം ക്യാമറ സ്പീക്സ്

കൊച്ചി: അമൃത വിശ്വവിദ്യാപീഠം സ്കൂൾ ഒഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സിലെ വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻവിഭാഗംകൊച്ചി ക്യാമ്പസിൽ ക്യാമറ സ്പീക്സ്സംഘടിപ്പിച്ചു. മനുഷ്യന്റെഭാവികാലം റോബോട്ടുകൾ എങ്ങനെകൈയടക്കും എന്നആശയത്തിലൂന്നി വിദ്യാർത്ഥികൾ നിർമ്മിച്ച സെറ്റും പഴയകാല ചായക്കടയുടെയും സ്വീകരണമുറിയുടെയും മാതൃകകളും ക്യാമറ സ്പീക്സിൽ ശ്രദ്ധ നേടി.

വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി വിദ്യാർത്ഥികൾക്കുള്ള ഫോട്ടോഗ്രാഫി മത്സരവും കുട്ടികളും അദ്ധ്യാപകരും പകർത്തിയ ചിത്രങ്ങളുടെ പ്രദർശനവും പരിപാടിയുടെ ഭാഗമായി. ചലച്ചിത്രതാരം വിഷ്ണു ഉണ്ണികൃഷ്ണൻ മുഖ്യാതിഥിയായി.

അമൃത വിശ്വവിദ്യാപീഠം വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ. എസ്. ദിനേശ് ബാബു, ഗോകുലൻ വേണുഗോപാൽ, അസി.പ്രൊഫസർ എം.എ. കൃഷ്ണകുമാർ, കൊച്ചി ക്യാമ്പസ് ഡയറക്ടർ ഡോ. യു. കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.



അമൃത കൊച്ചി ക്യാമ്പസിൽ സംഘടിപ്പിച്ച ക്യാമറ സ്പീക്സിലെ പ്രദർശനം ചലച്ചിത്രതാരം വിഷ്ണു ഉണ്ണികൃഷ്ണൻ സന്ദർശിക്കുന്നു

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Ernakulam

മംഗളം

# അമൃതയിൽ ക്യാമറ സ്പീക്സ്

കൊച്ചി: കൊച്ചി അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിൽ ക്യാമറ സ്പീക്സ് സംഘടിപ്പിച്ചു. ഫോട്ടോഗ്രാഫിയെ അടുത്തറിയുന്നതിന് ഒപ്പം മത്സരങ്ങളും ഒരുക്കിയാണ് അമൃത സ്കൂൾ ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സിലെ വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി കുട്ടികളും അധ്യാപകരും പകർത്തിയ ചിത്രങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു.

ക്യാമറ സ്പീക്സിൽ ചലച്ചിത്രതാരം വിഷ്ണു ഉണ്ണികൃഷ്ണൻ മുഖ്യാതിഥിയായി. അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ് ഡയറക്ടർ ഡോ. യു. കൃഷ്ണകുമാർ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ. എസ് ദിനേശ് ബാബു, ഗോകുലൻ വേണുഗോപാൽ, അസിസ്റ്റന്റ് പ്രൊഫ. എം.എ. കൃഷ്ണകുമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

KOCHI Edition

Nov 28, 2025 Page No. 2

Powered by: erelego.com

www.societytodaynews.com

സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

# അമൃതയിൽ 'ക്യാമറ സ്പീക്സ്'

**കൊച്ചി:** കൊച്ചി അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാംപസിൽ ക്യാമറ സ്പീക്സ് സംഘടിപ്പിച്ചു. ഫോട്ടോഗ്രാഫിയെ അടുത്തറിയുന്നതിന് ഒപ്പം മത്സരങ്ങളും ഒരുക്കിയാണ് അമൃത സ്കൂൾ ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സിലെ വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി കുട്ടികളും അധ്യാപകരും പകർത്തിയ ചിത്രങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. ക്യാമറ സ്പീക്സിൽ ചലച്ചിത്രതാരം വിഷ്ണു ഉണ്ണികൃഷ്ണൻ മുഖ്യാതിഥിയായി. കുട്ടികൾക്ക് ഇത്തരം അവസരങ്ങൾ ലഭിക്കുന്നത് ഭാഗ്യമാണെന്ന് വിഷ്ണു ഉണ്ണികൃഷ്ണൻ പറഞ്ഞു.

അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ് ഡയറക്ടർ ഡോ. യു. കൃഷ്ണകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ. എസ് ദിനേശ് ബാബു, ഗോകുലൻ വേണുഗോപാൽ, അസിസ്റ്റന്റ് പ്രൊഫസർ എം. എ. കൃഷ്ണകുമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. മനുഷ്യന്റെ ഭാവികാലം റോബോട്ടുകൾ എങ്ങനെ കയ്യടക്കും എന്ന ആശയത്തിലൂന്നി വിദ്യാർത്ഥികൾ നിർമ്മിച്ച സെറ്റും പഴയകാല ചായക്കടയുടെയും സ്വീകരണമുറിയുടെയും മാതൃകകളും ക്യാമറ സ്പീക്സിൽ ശ്രദ്ധ നേടി. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി വിദ്യാർഥികൾക്കുള്ള ഫോട്ടോഗ്രാഫി മത്സരവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.